ജൂൺ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

സഭയുടെ ക്രമീകരണം അനുസരിച്ച് ഏപ്രിൽ മാസം 30-ാം തീയതി നമ്മുടെ അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ 101-ാം ജന്മദിന ആചരണം ദൈവകൃപയാൽ ഭംഗിയായി ആചരിപ്പാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതിനു മുൻപുള്ള ചില ദിവസങ്ങളിൽ തിരുമേനി ആരോഗ്യപരമായി ക്ഷീണിതനായിരുന്നെങ്കിലും ആ സമ്മേളനപരിപാടിയിൽ പങ്കെടുക്കുവാനും വ്യക്തമായ സന്ദേശം കൃത്യതയോടെ നൽകുവാനും ദൈവം തിരുമേനിയെ ശക്തീകരിച്ചു. നമ്മുടെ രാഷ്ട്രത്തിന്റെ വൈസ് പ്രസിഡന്റായ സമാദരണീയനായ ശ്രീ. വെങ്കയ്യ നായിഡു ഏറ്റവും ജനകീയനായി ഹൃദ്യമായ ഇടപെടൽകൊണ്ടും സാന്നിധ്യത്തിന്റെയും സന്ദേശത്തിന്റെയും ധന്യതകൊണ്ടും ആ സമ്മേളനത്തെ അതീവ ഹൃദ്യമാക്കിത്തീർത്തു. തിരുവല്ലായിൽ വെച്ചു നടന്ന ആ മഹാ സമ്മേളനത്തിൽ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മലങ്കര യാക്കോബായ സുറിയാനി സഭയുടെ സിനഡ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഓർത്തഡോക്സ് സഭയുടെ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, എന്നിവരുടെ സാന്നിധ്യവും ആശംസകളും ഹൃദ്യമായിരുന്നു. തിരുവല്ല എം.എൽ.എ യും കേരളത്തിന്റെ ജലസേചന വകുപ്പ് മന്ത്രിയും നമ്മുടെ സഭാംഗവുമായ അഡ്വ. മാത്യു റ്റി. തോമസ്, ശ്രീ. ആന്റോ ആന്റണി എം.പി., എന്നിവർ സന്നിഹിതരായിരുന്നു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയവരേയും സമ്മേളനത്തിൽ കൃത്യനിഷ്ഠയോടെ പങ്കെടുത്ത് സഹകരിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ സന്ദേശത്തിൽ തിരുമേനി പറഞ്ഞ സാക്ഷ്യം മഹനീയമാണ്. തിരുമേനി പറഞ്ഞു - “ദൈവം എനിക്ക് നൽകിയതെല്ലാം നല്ലതായിരുന്നു. ദൈവം ഈ അനുഗ്രഹങ്ങളെല്ലാം എനിക്ക് നൽകിയത് മറ്റുള്ളവരിലൂടെയാണ്”. “ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല” എന്ന് മൂത്താംപാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി പാടിയത് നമ്മെ അനുസ്മരിപ്പിക്കുന്ന സാക്ഷ്യമായിരുന്നു അത്.

സഭാകൗൺസിലിന്റെ തീരുമാനപ്രകാരം പട്ടത്വശുശ്രൂഷയിൽ ആറു ദശകങ്ങൾ പിന്നിടുന്ന നമ്മുടെ പട്ടത്വ വജ്രജൂബിലിയും ആ സമ്മേളനത്തിൽ ആദരിക്കപ്പെടുകയുണ്ടായി. 1957 ജൂൺ 29-ാം തീയതി വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാരുടെ നാളിൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിധ്യത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായിൽ നിന്നും ശെമ്മാശ്പട്ടം ഏറ്റുവാങ്ങിയ ആ നിമിഷങ്ങൾ ഇന്നും നമ്മുടെ ഓർമ്മയിൽ ജ്വലിച്ചു നിൽക്കുന്നു. നമ്മുടെ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തോടനുബന്ധിച്ച് നമുക്ക് ലഭിച്ച രണ്ട് ആശംസകൾ അവിസ്മരണീയമാണ്. കാലം ചെയ്ത മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നമ്മോടുണ്ടായിരുന്ന വ്യക്തിബന്ധത്തിന്റെ ഊഷ്മളതയിൽ അന്ന് ഇപ്രകാരം ആശംസിച്ചു - “മാർത്തോമ്മാ സഭയിൽ എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് വിളിക്കപ്പെട്ടതിൽ സന്തോഷിക്കുന്നു, ‘സഹതാപം’ അറിയിക്കുകയും ചെയ്യുന്നു”. 1975 ഫെബ്രുവരി 7-ാം തീയതി (എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തിന്റെ തലേ രാത്രിയിൽ) അർദ്ധരാത്രിയിൽ പഴയ പുലാത്തീനിൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സ്ഥാനം ഏൽക്കുവാൻ പോകുന്ന ഞങ്ങളെ ഇരുവരെയും വിളിച്ച് പുതിയ പേര് വെളിപ്പെടുത്തിത്തരികയുണ്ടായി. അന്ന് തിരുമേനി നമുക്ക് ഒരു ആശംസയായി എഴുതിതന്ന കുറിപ്പ് ഇപ്പോഴും നാം ഒരു അമൂല്യനിധിയായി സൂക്ഷിക്കുന്നു. ആ കുറിപ്പിൽ ഇപ്രകാരം എഴുതിയിരുന്നു - “ഭ്രാന്ത് പിടിപ്പിക്കുന്ന സാഹചര്യങ്ങളിലേക്കിറങ്ങുവാൻ തയ്യാറായിക്കൊള്ളുക; കാറ്റിനാലും കോളിനാലും അന്തരീക്ഷം മുഖരിതമായിരിക്കും; എങ്കിലും ഒരിടത്ത് ഉറച്ചുനിന്ന് ദൈവം നല്ലവനെന്ന് രുചിച്ചറിഞ്ഞ് മുന്നോട്ടു പോവുക”. ഈ രണ്ട് ആശംസകളും ഇന്നും സഭാശുശ്രൂഷയിൽ ഓരോ നിമിഷവും ഞാൻ രുചിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു.

നമ്മുടെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കബറടക്കം സംബന്ധിച്ച വിശദാംശങ്ങൾ കഴിഞ്ഞ ലക്കം താരകയിലൂടെ അറിയിച്ചിരുന്നുവല്ലോ. തിരുമേനിയുടെ ജീവിതത്തെയും ശുശ്രൂഷകളെയും അനുസ്മരിക്കുന്നതിനും സഭയുടെ ആദരവ് പ്രകാശിപ്പിക്കുന്നതിനുംവേണ്ടി സഭയായി ഒരു അനുസ്മരണ സമ്മേളനം തിരുമേനി ദീർഘകാലം ശുശ്രൂഷകൾ നിർവ്വഹിച്ച റാന്നി ഭദ്രാസനത്തിൽ വെച്ച്, നാം ആദ്യം 1957 ൽ വികാരിയായി ശുശ്രൂഷ ചെയ്ത റാന്നി പഴവങ്ങാടിക്കര മാർത്തോമ്മാ പള്ളിയിൽവെച്ച് നടക്കുകയുണ്ടായി. ബിഷപ്പ് മാത്യു അറയ്ക്കൽ തിരുമേനിയും സഹോദരീസഭകളിലെ ഭദ്രാസന ബിഷപ്പുമാരും, ഡോ. കെ.എസ്. രാധാകൃഷ്ണനും ഉൾപ്പെടെയുള്ളവർ അനുസ്മരണ പ്രസംഗങ്ങൾ നിർവ്വഹിച്ചു. സഭയ്ക്കും സമൂഹത്തിനും തിരുമേനിയോടുള്ള ആദരവ് അനുസ്മരണപ്രഭാഷണങ്ങളിലെല്ലാം പ്രതിഫലിച്ചു. തിരുമേനി അദ്ധ്യക്ഷനായിരുന്ന റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതലകൂടി

ഇപ്പോൾ ഏൽക്കേണ്ടി വന്നിരിക്കുകയാണ്. നിരണം-മാരാമൺ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിലും മെത്രാപ്പോലീത്താ എന്ന നിലയിലുമുള്ള ചുമതലകളോടൊപ്പം കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെയും ഭദ്രാസന ബിഷപ്പിന്റെ ചുമതലയിൽ ഏൽപ്പിക്കപ്പെട്ടിട്ടില്ലാത്ത മലേഷ്യ, സിംഗപ്പൂർ, ഓസ്ട്രേലിയ, ന്യൂസിലാന്റ് ഭദ്രാസനത്തിന്റെ ചുമതലയും നാം ഇപ്പോൾ നിർവ്വഹിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് ഉദ്ദേശിച്ചിരുന്ന കാലഘട്ടത്തിൽ നടന്നിരുന്നുവെങ്കിൽ ഈ പ്രതിസന്ധി ഉണ്ടാകുമായിരുന്നില്ല എന്ന് എല്ലാവരും ഓർക്കേണ്ടിയിരിക്കുന്നു. ദൈവാത്മാവിന്റെ ഉപദേശത്തിനും ഇടപെടലിനുമായി നമുക്ക് കാത്തിരിക്കാം. സഭാജനങ്ങൾ ഇക്കാര്യം ഓർത്ത് ഈ ജൂൺമാസം മുഴുവൻ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. അസാധ്യമായതിനെ സാധ്യമാക്കിത്തരുന്ന ദൈവത്തിന്റെ തക്കസമയത്തെ ഇടപെടലിനാൽ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ സഭാശുശ്രൂഷയിൽ ആദ്യമായി അസിസ്റ്റന്റ് വികാരിയായി നിയമിതനായിരുന്ന റാന്നി ക്രിസ്തോസ് മാർത്തോമ്മാ ഇടവകയുടെ 125-ാമത് വാർഷിക ഇടവക ദിന ആചരണത്തിൽ പങ്കുകൊള്ളുവാനും വിശുദ്ധ കുർബ്ബാന അനുഷ്ഠിപ്പാനും ആദ്യ കുർബ്ബാന കൈക്കൊള്ളുവാൻ ഒരുക്കപ്പെട്ടവർക്ക് ആദ്യകുർബ്ബാന നൽകുവാനും ലഭിച്ച അവസരം അവിസ്മരണീയമായിരുന്നു.

കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എഴുപതുകളിൽ നാം വികാരിയായിരുന്ന കുണ്ടറ ബഥേൽ ഇടവകയുടെ സഹകരണത്തോടുകൂടി സമീപ പ്രദേശങ്ങളിലെ പെൺകുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസ പരിശീലനത്തിനുമായി ആരംഭിച്ച അഭയാകേന്ദ്രത്തിന്റെ കൂദാശ നിർവ്വഹിച്ചു. വാളകം ജോർജ് ജോൺ അച്ചൻ മെമ്മോറിയൽ ഹോസ്പിറ്റൽ മെഡിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററായി കെട്ടിടങ്ങളെല്ലാം പുനഃക്രമീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഈ ശുശ്രൂഷാകേന്ദ്രത്തിന്റെയും കൂദാശയും നിർവ്വഹിച്ചു. ഈ രണ്ട് കേന്ദ്രങ്ങളുടെയും കൂദാശാകർമ്മം ഭദ്രാസന എപ്പിസ്കോപ്പായോടൊപ്പം ചേർന്ന് നിർവ്വഹിക്കുന്നതിന് ഇടയായത് സന്തോഷകരമായ ഒരു അനുഭവമായിരുന്നു. ഈ രണ്ട് പ്രസ്ഥാനങ്ങൾക്കും ദൈവകൃപ ധാരാളമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മലയോരപ്രദേശത്തുള്ള കട്ടപ്പന മാർത്തോമ്മാ ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുന്നതിനും പാരീഷ് ഹാളിന്റെ കൂദാശ നിർവ്വഹിക്കുന്നതിനും ആദ്യകുർബ്ബാനയ്ക്കായി ഒരുക്കപ്പെട്ടവർക്ക് ആദ്യകുർബ്ബാന നൽകുന്നതിനും ഇടയായതിൽ പ്രത്യേകം സന്തോഷിക്കുന്നു. വെള്ളത്തൂവൽ ബഥേൽ ഇടവകയുടെ ആരാധനയിലും പങ്കെടുക്കുന്നതിനും ആദ്യകുർബ്ബാനയ്ക്കായി ഒരുക്കപ്പെട്ടവർക്ക് ആദ്യകുർബ്ബാന നൽകുന്നതിനും സാധിച്ചു. 1950 കളുടെ അവസാനത്തിലും 60 കളുടെ ആരംഭത്തിലും ആ ഇടവക സന്ദർശിച്ച നാളുകൾ അനുസ്മരിക്കുവാൻ ലഭിച്ച ഒരു അവസരം കൂടിയായിരുന്നു അത്.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസ് വളരെ അനുഗ്രഹകരമായ രീതിയിൽ മെയ് 14 മുതൽ 17 വരെ ചെങ്ങന്നൂർ മാർത്തോമ്മാ കോളേജിൽ വെച്ച് നടത്തപ്പെട്ടു. വളരെ ശിക്ഷണത്തോടുകൂടിയും ആത്മീയ താല്പര്യത്തോടു കൂടിയും നടത്തപ്പെട്ട ഈ കോൺഫറൻസിന് നേതൃത്വം നൽകിയവരെയും പ്രത്യേകിച്ചും ചിട്ടയായ ക്രമീകരണത്തിന് നേതൃത്വം നൽകിയ കോളേജ് പ്രിൻസിപ്പലിനെയും അദ്ധ്യാപകരെയും സീനിയർ ഫ്രണ്ട്സിനെയും പങ്കെടുത്ത വിദ്യാർത്ഥികളെയും പ്രത്യേകം അനുമോദിക്കുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഒമാനിൽ നിർമ്മിക്കപ്പെട്ട പള്ളിയുടെ കൂദാശയ്ക്ക് അഭിവന്ദ്യ പരിശുദ്ധ പാത്രിയാർക്കീസ് ബാവായ്ക്കൊപ്പം പങ്കെടുക്കുവാൻ നമ്മെയും ക്ഷണിച്ചത് സഭകൾ തമ്മിലുള്ള ഐക്യത്തിന്റെ ഒരു നല്ല മാതൃക തന്നെയായിരുന്നു. അന്ന് ആ കൂദാശയിൽ പങ്കെടുത്തത് ധന്യമായ ഒരു അനുഭവം തന്നെയാണ്. ഒമാനിൽ നമുക്ക് ഇപ്പോൾ നമ്മുടെ ആരാധന നടക്കുന്നത് ഒരു ഹാളിൽ വെച്ചാണ്. അവിടെ നമുക്ക് ഒരു ആരാധനാസ്ഥലം ലഭിക്കേണ്ടതിനായി എല്ലാവരും പ്രാർത്ഥിക്കേണം. ഈ സന്ദർശനവേളയിൽ ഗാലാ മാർത്തോമ്മാ ഇടവകയും റൂയി മാർത്തോമ്മാ ഇടവകയും സന്ദർശിക്കുന്നതിനും വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നതിനും സാധിച്ചു. റൂയിയിൽ നാം ആരാധിക്കുന്ന പള്ളി ഓർത്തഡോക്സ് സഭയും നമ്മുടെ സഭയും തുല്യ ചെലവ് വഹിച്ച് നിർമ്മിച്ച പള്ളിയാണ്. അതിന്റെ ശിലാസ്ഥാപനം നാമാണ് നിർവ്വഹിച്ചത്. അതിന്റെ കൂദാശയിലും കാതോലിക്കാ ബാവായോടൊപ്പം പണ്ട് പങ്കെടുത്തത് പ്രത്യേകം അനുസ്മരിക്കുന്നു.

നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകൾ ഈ വർഷം പ്രശസ്തമായ നിലയിൽ ഹയർ സെക്കണ്ടറി പരീക്ഷയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിലും എസ്.എസ്.എൽ.സി പരീക്ഷയിലും ഉന്നത വിജയം കൈവരിച്ചു എന്നത് സഭയ്ക്കും മാനേജ്മെന്റിനും ഏറെ അഭിമാനകരമായ കാര്യമാണ്. ഹയർ സെക്കണ്ടറി പരീക്ഷയിൽ നമ്മുടെ തിരുവല്ലായിലെ എസ്.സി.എസ്. ഹയർ സെക്കണ്ടറി സ്കൂൾ പത്തനംതിട്ട ജില്ലയിൽ തന്നെ ഏറ്റവും ഉന്നതമായ വിജയശതമാനം കരസ്ഥമാക്കുകയുണ്ടായി. എസ്.എസ്.എൽ.സി പരീക്ഷയിൽ 6 സ്കൂളുകൾ 100% വിജയം കരസ്ഥമാക്കി. 4 സ്കൂളുകളിൽ ഓരോ കുട്ടിക്ക് വീതമാണ് തുടർപഠനത്തിന് അർഹത നേടാൻ സാധിക്കാതെ പോയത്. ഫുൾ എ പ്ലസ് ഏറ്റവും കൂടുതൽ നേടിയത് കൊട്ടാരക്കര ഗേൾസ് സ്കൂളാണ്. മിക്ക സ്കൂളുകളിലും ഫുൾ എ പ്ലസ് നേടിയ കുട്ടികൾ തന്നെ ഉന്നതമായ നിലവാരത്തിലാണ് ഗ്രേഡുകൾ കരസ്ഥമാക്കിയത്. നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകൾക്ക് മികച്ച വിജയം കരസ്ഥമാക്കുവാൻ കഠിനാധ്വാനം ചെയ്ത മാർത്തോമ്മാ കോർപ്പറേറ്റ് സ്കൂൾ മാനേജർ ശ്രീമതി ലാലമ്മ വർഗ്ഗീസിനെയും സ്കൂൾ പ്രിൻസിപ്പൽമാരെയും പ്രഥമ അദ്ധ്യാപകരെയും അദ്ധ്യാപകരെയും വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും സഭയുടെ അഭിനന്ദനം അറിയിക്കുന്നു. പുതിയ അദ്ധ്യയനവർഷത്തിൽ പ്രവർത്തനങ്ങൾക്കാവശ്യമായ ആലോചനകളും നിർദ്ദേശങ്ങളും നൽകുന്നതിനായി മെയ് 18-ാം തീയതി മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ മുഴുവൻ അദ്ധ്യാപകരുടെയും സമ്മേളനങ്ങൾ തിരുവല്ലായിൽ വെച്ച് ക്രമീകരിച്ചത് വളരെ അനുഗ്രഹപ്രദമായിരുന്നു.

മദ്ധ്യപ്രദേശിലുള്ള നമ്മുടെ സത്നാ സ്കൂൾ ഈ വർഷവും മികവാർന്ന വിജയമാണ് കരസ്ഥമാക്കിയത്. 100% ഫസ്റ്റ് ക്ലാസ്സോടുകൂടിയുള്ള വിജയമാണ് ഈ വർഷം സ്കൂളിന് ലഭിച്ചത്. ഹോണോവാർ സ്കൂളും മികച്ച വിജയം കരസ്ഥമാക്കുകയുണ്ടായി. മധ്യപ്രദേശിലെ ഗ്രാമജ്യോതി സ്കൂൾ ഗ്രാമീണ മേഖലയിൽ നിന്നും വരുന്ന 420 ഓളം കുട്ടികൾ പഠിക്കുന്ന സ്കൂളാണ്. ഈ സ്കൂളിനും മികച്ച വിജയം കരസ്ഥമാക്കുവാൻ ഇടയായി. തിരുവനന്തപുരം സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂൾ ഈ വർഷം നേടിയ വിജയം പ്രശംസനീയമാണ്. പത്താംക്ലാസ് ഐ.സി.എസ്.ഇ പരീക്ഷയിൽ സമീറ എസ്. പ്രകാശ് ഒന്നാം റാങ്കും ആശിൻ അരുൺ മൂന്നാം റാങ്കും പന്ത്രണ്ടാം ക്ലാസ് ഐ.എസ്.ഇ പരീക്ഷയിൽ ലക്ഷ്മി എസ് സുനിൽ സയൻസ് വിഭാഗത്തിൽ മൂന്നാം റാങ്കും അനുഷ്ക ബിജി ഏബ്രഹാം കൊമേഴ്സ്

വിഭാഗത്തിൽ ഒന്നാം റാങ്കും കരസ്ഥമാക്കി സംസ്ഥാന തലത്തിൽ അംഗീകാരം നേടിയതിൽ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സഭയുടെ വിവിധ പ്രദേശങ്ങളിലുള്ള ക്രിസ്തീയ സാക്ഷ്യത്തിന്റെ അടയാളങ്ങളായി ശോഭിക്കുന്ന ഈ സ്കൂളുകളുടെയെല്ലാം ഉന്നതമായ വിജയത്തിനായി പ്രയത്നിച്ച പ്രിൻസിപ്പൽമാരെയും അധ്യാപകരെയും വിദ്യാർത്ഥികളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ തിരുവല്ലാ നിക്കോൾസൺ ഗേൾസ് സ്കൂൾ അതിന്റെ പൂർവ്വകാല പ്രൗഢിയിലേക്ക് മടങ്ങിവന്നുകൊണ്ടിരിക്കുന്നു എന്നതിൽ പ്രത്യേകം സന്തോഷമുണ്ട്. കുട്ടികളുടെ താമസസൗകര്യവും ഹോസ്റ്റൽ സൗകര്യവും നവീകരിക്കുന്നതിന് സഭാ കൗൺസിൽ അംഗങ്ങളായ ഡോ. ജോൺ എം. ചാക്കോ (ഇൻഡോർ ലോറൽസ് സ്കൂൾ ഡയറക്ടർ) ശ്രീമതി ആനി കോശി, (മുംബൈ) എന്നിവർ നൽകിയ നേതൃത്വം അഭിനന്ദനാർഹമാണ്. മുമ്പ് കെല്ലവെ മദാമ്മ ഉൾപ്പെടെയുള്ളവർ പാർത്ത ബംഗ്ലാവിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ആ ക്യാമ്പസിൽ ഒരു നല്ല കളിസ്ഥലം രൂപപ്പെടുത്തേണ്ടത് ഏറെ ആവശ്യമാണ്. ഉദാരമതികളായ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം ഈ കാര്യത്തിലുണ്ടാകണം എന്ന് ഓർമ്മിപ്പിക്കട്ടെ. ഈ വർഷത്തെ പരീക്ഷയിൽ നൂറു ശതമാനം വിജയം കരസ്ഥമാക്കിയ നിക്കോൾസൺ സ്കൂളിനെ പ്രത്യേകം അനുമോദിക്കുന്നു. പ്രിൻസിപ്പലിനെയും അധ്യാപികമാരെയും വിദ്യാർത്ഥികളെയും അനുമോദിക്കുന്നു.

നമ്മുടെ സീനിയർ വികാരി ജനറാൾമാരിൽ ഒരാളും മുൻ സഭാ സെക്രട്ടറിയുമായിരുന്ന അറപ്പുരയിൽ വെരി റവ. എ. സി.കുര്യൻ (80) പെട്ടെന്നുണ്ടായ ഒരു ഹൃദയാഘാതത്തെ തുടർന്ന് മെയ് 22-ാം തീയതി നിര്യാതനായി. സംസ്കാര ശുശ്രൂഷ മെയ് 28-ാം തീയതി തിങ്കളാഴ്ച വാരിക്കാട് സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ നടന്നു. സഭയുടെ നിരവധി സ്ഥാനങ്ങളിലും സ്ഥലങ്ങളിലും ഏറ്റവും അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ച ഒരു പ്രഗത്ഭ പട്ടക്കാരനായിരുന്ന എ. സി. കുര്യൻ അച്ചൻ ഹൃദ്യമായ പെരുമാറ്റം കൊണ്ടും ശാന്ത ഗംഭീര ഭാവം കൊണ്ടും ഇടപെടുന്ന എല്ലാവരുടെയും ഹൃദയങ്ങളെ സ്നേഹം കൊണ്ട് കീഴടക്കുന്ന ഒരു ശ്രേഷ്ഠ ശുശ്രൂഷകന്റെ ഉദാത്ത മാതൃകയായിരുന്നു. ജനങ്ങളോടും വിശ്വാസ സമൂഹത്തോടും പൊതു സമൂഹത്തോടും ഇത്രമാത്രം അടുത്തിടപെടുന്ന അച്ചൻ അക്കാര്യത്തിൽ സമാനതകളില്ലാത്ത വിധം ശ്രേഷ്ഠമായ ഒരു മാതൃകാപട്ടക്കാരനായിരുന്നു. ദീർഘ നാളുകളായി തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിലെ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിലെ ഒരു കാരുണ്യ ദീപമായി നിന്ന് വേദനിക്കുന്ന മനസ്സുകൾക്ക് അച്ചൻ ആശ്വാസം പകർന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അച്ചന്റെ ദേഹവിയോഗത്തിൽ ദുഃഖാർത്തരായിരിക്കുന്ന സന്തപ്ത കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

ജൂൺ 3 ഞായർ വിദ്യാർത്ഥി ഞായറായും വൈദീകഞായറായും നാം ആചരിക്കുന്ന ദിനമാണ്. ജ്ഞാനം ദൈവത്തിന്റെ ദാനമാണ്. “യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു” എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ജ്ഞാനം നേടുവാൻ ഏവർക്കും കഴിയട്ടെ. പട്ടത്വ ശുശ്രൂഷയുടെ മഹത്വത്തെ നാം അനുസ്മരിക്കുകയും പട്ടക്കാർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ട ഒരു ദിനം കൂടിയാണിത്.

ജൂൺ 10 ഞായർ പരിസ്ഥിതി ഞായറാണ്. ‘സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു’ എന്നതാണ് അന്നത്തെ ചിന്താവിഷയം. ഏദൻതോട്ടത്തിൽ മനുഷ്യൻ അനുസരണക്കേട് കാണിക്കുമ്പോൾ മാനവികത മാത്രമല്ല ദൈവത്തിന്റെ സുന്ദരമായ സൃഷ്ടികൂടിയാണ് വികലമാക്കപ്പെട്ടത്. മനുഷ്യന്റെ നഷ്ടപ്പെട്ടുപോയ ദൈവസാദൃശ്യവും സൃഷ്ടിയുടെ സൗന്ദര്യവും മാനവികതയും വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് ദൈവപുത്രൻ ഈ വികലമായ മാനവികതയിലേക്ക് ഇറങ്ങിവന്ന് നമ്മെയും സൃഷ്ടിയെയും വീണ്ടെടുത്തത്. ജൂൺ 16 ശനി ശ്ലീഹാനോമ്പ് ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ വിളിയും നിയോഗവും എന്നതാണ് അന്നത്തെ ചിന്താവിഷയം. കർത്താവ് ഒരു രാത്രി മുഴുവൻ പ്രാർത്ഥനയിൽ ജാഗരിച്ച ശേഷമാണ് പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുത്തത്. ആ പന്ത്രണ്ടു പേരിൽ ഒരാളെ സാത്താൻ അടർത്തിയെടുത്തുകൊണ്ടുപോയി. എന്നാൽ ആ വ്യക്തിയുടെ ജീവിതാന്ത്യം എത്ര ശോചനീയമായിരുന്നു എന്ന് നാം ഓർക്കണം. ദൈവത്തിന്റെ വഴികളിൽ നടന്ന് ദൈവകരങ്ങളിൽ ആത്മാവിനെ ഭരമേൽപ്പിക്കുവാനുള്ള നിയോഗമാണ് ദൈവം നമുക്ക് നൽകുന്നത്. ജൂൺ 17 ഞായർ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുക എന്ന ക്രിസ്തുവിന്റെ പ്രബോധനത്തെ നാം ധ്യാനിക്കുന്നു. ശമര്യാക്കാരത്തി സ്ത്രീയോട് ക്രിസ്തു ഇടപെടുമ്പോൾ തന്റെ തകർന്ന ജീവിതമെന്ന വിഷയത്തിൽ നിന്നും അവൾ ക്രിസ്തുവിന്റെ ശ്രദ്ധ തിരിക്കുവാൻ ശ്രമിക്കുന്നത് ആരാധനാസ്ഥലത്തെക്കുറിച്ചുള്ള തർക്കമെടുത്തിട്ടുകൊണ്ടാണ്. ഇന്നും ഇതുതന്നെയല്ലേ നാം സഭകളിൽപോലും കാണുന്നത്. സഭകൾ തമ്മിലുള്ള ഐക്യത്തിനായുള്ള ഹൃദ്യമായ ആഹ്വാനവും സന്ദർഭവും ദൈവം ഈ നാളുകളിൽ ഒരുക്കി തരുമ്പോൾ ആ സന്ദർഭം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നതല്ലേ ഏറ്റവും അഭികാമ്യമായിട്ടുള്ളത് എന്ന് സഭകളുടെ നേതൃത്വത്തിലുള്ളവർ ചിന്തിക്കേണ്ടിയിരിക്കുന്നു. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ നാളായ 29-ാം തീയതി വെള്ളിയാഴ്ചയാണ് ശ്ലീഹാ നോമ്പുവീടൽ നടക്കുന്നത്. ഈ നാളുകളിലാണ് മുൻകാലങ്ങളിൽ നമ്മുടെ പട്ടക്കാരുടെ സ്ഥാനാഭിഷേകം നടന്നുകൊണ്ടിരുന്നത്. പ്രശസ്ത ചിന്തകനായിരുന്ന ഡിട്രിച്ച് ബോൺ ഹോഫർ തന്റെ രക്തസാക്ഷിത്വത്തിന് മുമ്പായി പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്- “ഒരുവനെ ക്രിസ്തു വിളിക്കുമ്പോൾ സ്വയത്തിന്റെ മരണത്തിലേക്കാണ് വിളിക്കുന്നത്”. ശിഷ്യത്വത്തിന്റെ വിലയാണത്. 60 വർഷങ്ങൾക്കു മുമ്പ് ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ കൈവെപ്പോടുകൂടി നാം സഭാ ശുശ്രൂഷയിലേക്ക് പ്രവേശിച്ച ആ സന്ദർഭം അനുസ്മരിക്കുന്നു. വികാരി ജനറാൾ കെ.ഇ. ഉമ്മൻ അച്ചനും നമ്മുടെ ജ്ഞാനപിതാവും സന്യാസപട്ടക്കാരനുമായിരുന്ന പാലക്കുന്നത്ത് പി.എം. മത്തായി അച്ചനും അന്ന് സന്നിഹിതരായിരുന്നു. അന്ന് കർത്താവ് തന്റെ ശുശ്രൂഷയുടെ നുകം എന്റെ മേൽ വെച്ചു. ആ നുകം എനിക്ക് ഒരിക്കലും ഭാരമായി തോന്നിയിട്ടില്ല. ഏതൊരു പ്രതിസന്ധിഘട്ടത്തിലും കൈവിടാതെ അസാദ്ധ്യതകളെ സാദ്ധ്യതകളാക്കി മാറ്റുന്ന ദൈവം നല്ലവനെന്ന് രുചിച്ചറിഞ്ഞ് ഇന്നും ശുശ്രൂഷയിൽ സജീവമായിരിപ്പാൻ ദൈവം ശക്തീകരിക്കുന്നു.

“എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ച് കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും”. (യെശ. 40:31)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
28-05-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**